# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4895 — 24.07.2015 ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രിയിൽ കൈക്കൂലി വാങ്ങുന്നത്

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രിയിൽ രോഗികളിൽ നിന്നും അവിടത്തെ ജീവനക്കാർ ഇനം തിരിച്ച് കൈക്കൂലി വാങ്ങുന്നതായി കൈക്കൂലി പട്ടിക ഉൾപ്പെടെ മലയാള മനോരമ ദിനപത്രം വാർത്ത പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത അഴിമതിയെ കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ നടപടി എടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നു വ്യക്തമാക്കുമോ ? | (ബി) | പ്രസ്തുത അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തുകയും കുറ്റക്കാരെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തിയ ശ്രീമതി എൽ. ഗീത, നഴ്സിംഗ് അസിസ്റ്റന്റിനെ പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലേയ്ക്കും ശ്രീമതി എഫ്. മുംതാസ്, നഴ്സിംഗ് അസിസ്റ്റന്റിനെ പൂജപ്പുര സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്കും അടിയന്തിര - മായി സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി വിഷയത്തെക്കുറിച്ച് വിശദമായി അന്വേഷണം നടത്തി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആയുർവേദ കോളേജ് വിജിലൻസ് ഓഫീസർ ഡോ. ജോളിക്കുട്ടി ഈപ്പനേയും, ഫാർമക്കോഗ്നസി സീനിയർ റിസർച്ച് ഓഫീസർ (ബോട്ടണി) ശ്രീ. ജയകുമാർ, ആയുർവേദ കോളേജ് മാനേജർ ശ്രീ. സുരേഷ് കുമാർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ